## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.766 11.07.2016-ലെ മറുപടിക്ക്

# ചെങ്ങന്നൂർ താലൂക്കിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | | ശ്രീ.ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ). | ചെങ്ങന്നൂർ താലൂക്കിൽ കഴിഞ്ഞ 10 വർഷത്തിനു മുമ്പ് ആരംഭിച്ച മിത്രമഠം പാലത്തിന്റെ പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ). | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി). | പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (ബി). | ഉണ്ട്. മിത്രമഠം പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് 10/10/2005 ൽ ആയിരുന്നു. പാലം നിർമ്മാണത്തിന് ആവശ്യമായസ്ഥലം ലഭ്യമാകാത്തതു കാരണം കരാറുകാരന്റെ കോൺട്രാക്റ്റ് ടെർമിനേറ്റ് ചെയ്തു. ആയതിനുശേഷം ശേഷിച്ച വർക്കുകളുടെ എസ്റ്റിമേറ്റ് എടുക്കുകയും ടെണ്ടർ ചെയ്യുകയും പുതിയ കരാറുകാരൻ 31/01/2014 ൽ എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. നിർമ്മാണ കാലാവധി 26/07/2015 ൽ അവസാനിച്ചു. എന്നാൽ ഇപ്പോഴത്തെ കരാറുകാരൻ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടതിനെ ത്തുടർന്ന് നിർമ്മാണം വളരെ മന്ദഗതിയിലാണ്. പുതിയ കരാറുകാരനെ കണ്ടെത്തി നിർമ്മാണം പൂർത്തീ-കരിക്കുന്നതിന് വലിയ കാലതാമസം നേരിടും എന്നതിനാൽ നിലവിലുള്ള കരാറുകാരനെ കൊണ്ടുതന്നെ നിർമ്മാണം പൂർത്തീകരിക്കുവാൻ ശ്രമിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി). | പ്രസ്തുത താലൂക്കിലെ കയ്യാലക്കടവ്, വഴപാടിക്കടവ്, മദനശ്ശേരിക്കടവ് പാലങ്ങളുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ? | (സി) | **1) <u>കൈപ്പാലക്കടവ് പാലം</u>**<br>04/03/2016 ലെ സ.ഉ(സാധാ)നം. 586/2016/PWD അനുസരിച്ച് 12 കോടി രൂപയുടെ ഭരണാനുമതി നൽകി-യിട്ടുണ്ട്. പാലത്തിന്റെ ജനറൽ ഡിസൈൻ പുതുക്കുന്നതിന് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയും<br>**2) <u>വഴവാടിക്കടവ് പാലം</u>**<br>04/03/2016 ലെ സ.ഉ(സാധാ)നം. 588/2016/PWD അനുസരിച്ച് 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ പുതുക്കുവാൻ ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി തയ്യാറാക്കി വരുന്നു.<br>**3) <u>മദനശ്ശേരിക്കടവ് പാലം</u>**<br>2013 ൽ നിർമ്മാണം ആരംഭിച്ച പാലത്തിന്റെ പണികൾ പൂർത്തീ-കരിച്ചിട്ടുണ്ട്. സാമീപ്യ റോഡിന്റെ നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ കരാറെടുത്ത കരാറുകാരൻ സാമ്പത്തിക പ്രതിസന്ധിയിലാണ്. മിത്രമഠം പാലത്തിന്റെ കരാറുകാരൻ തന്നെയാണ് ഈ പാലത്തിന്റെയും കരാറുകാരൻ. ഈ കരാറുകാരനെക്കൊണ്ട് തന്നെ നിർമ്മാണം പൂർത്തീ-കരിക്കുവാൻ ശ്രമിക്കുകയാണ്. |

(signature)

**സെക്ഷൻ ഓഫീസർ**